
വനിത
വീട്
ഫെബ്രുവരി 2014
₹ 30
3000 sqft വീടിന്
പഴയ തടിയും ഓടും
പിന്നെ മണ്ണും
1200 sqft
വീടിന്
12 ലക്ഷം
1000 രൂപ /sqft ന്
പുതുക്കിപ്പണിത വീട്
പ്രകൃതിദത്ത
എയർകണ്ടീഷനിങ്
മതിൽ പലതരത്തിൽ
വാസ്തു:
ഗൃഹമധ്യസൂത്രം
ഫിനിഷിങ്
ചെലവ് ചുരുക്കി
വയറിങ്, പ്ലംബിങ്, ഫ്ളോറിങ്, റൂഫിങ്, പെയിൻറിങ്

**ഫോയറിനോടു ചേർന്ന ഷെൽഫുകളുടെ മുകൾഭാഗം പ്രാർഥനാ ഏരിയയും ലിവിങ്–ഡൈനിങ് ഏരിയകളുടെ ഇടയിലെ ചുമർ ലൈബ്രറിയുമാക്കി മാറ്റി.**



**പു**റത്തേക്കിറങ്ങുമ്പോൾ എടുക്കേണ്ടതായ സാധനങ്ങൾ ഫോയറിലുള്ള ചെറിയ വലിപ്പുകളിൽ ക്രമീകരിച്ചിരിക്കുന്നു. താക്കോലുകൾ, പച്ചക്കറിയും പലചരക്കും വാങ്ങാൻ കൊണ്ടുപോകേണ്ട സഞ്ചികൾ ഇവയെല്ലാം ഇവിടെ ക്രമീകരിച്ചിരിക്കുന്നു. ഈ ഷെൽഫുകളുടെ മുകൾഭാഗം പ്രാർഥനാ ഏരിയ ആയും, മിക്കഭിത്തികളും ഷെൽഫുകളായും പ്രയോജനപ്പെടുത്തിയിട്ടുണ്ട്.



"അത്യാവശ്യ സാധനങ്ങൾ എടുക്കാൻ എളുപ്പമുള്ള രീതിയിലാണ് കബോർഡ് ക്രമീകരിച്ചിരിക്കുന്നത്. ഒന്നും തിരഞ്ഞ് സമയം നഷ്ടപ്പെടുത്തേണ്ടിവരില്ല."

ചാർളി തോമസ്, ബിനോ, അലൻ
സ്കൈലൈൻ ഇംപീരിയൽ ഗാർഡൻസ്,
കലൂർ,കൊച്ചി.

## കാറ്റും വെളിച്ചവും പച്ചപ്പും കൊണ്ട് സമ്പുഷ്ടമാണ് ലിവിങ് റൂമിനോടു ചേർന്ന ബാൽക്കണി. ഒൻപതാം നിലയിലിരുന്ന് കൊച്ചിനഗരത്തിൻെറ വിശാലത ആസ്വദിക്കുകയും ചെയ്യാം.



നഗരമധ്യത്തിലെ ഫ്ളാറ്റുകളിൽ ലഭ്യമല്ലാത്ത ഒരേയൊരു വിഭാഗം നാടൻ ചെടികളും പച്ചമരുന്നുകളുമാണ്. ഒരു കതിർ തുളസിയോ പനിക്കൂർക്കയോ ആവശ്യം വന്നാൽ എടുത്തുപയോഗിക്കാൻ ബാൽക്കണിയിൽ വളർത്തിയിരിക്കുന്നു. വിഷമടിക്കാത്ത കറിവേപ്പില വേണമെന്നാഗ്രഹിക്കുന്നുണ്ടെങ്കിൽ ഏതുയരത്തിലും അത് ലഭ്യമാകുമെന്ന് തെളിയിക്കുന്നു ഇവിടെ തലയാട്ടി നിൽക്കുന്ന കറിവേപ്പിൻ തൈ.



ബാൽക്കണിയുടെ ഇരുവശങ്ങളിലും ഇരിപ്പിടങ്ങളും അതിനുതാഴെ കബോർഡുകളും ഒരുക്കിയിട്ടുണ്ട്. ചെരുപ്പുകളും വായിച്ചുകഴിഞ്ഞ മാഗസിനുകളും പത്രങ്ങളും ചെടിയുടെ പരിചരണത്തിനുവേണ്ട സാധനങ്ങളും വയ്ക്കാൻ ഈ കബോർഡുകൾ പ്രയോജനപ്പെടുത്താം. കുടുംബ സംഗമങ്ങൾക്കാവശ്യമായ ഊഷ്മളമായ അന്തരീക്ഷം സൃഷ്ടിക്കാനാണ് വോൾ ക്ലാഡിങ് ചെയ്തത്.

**പാചകത്തിന് ഉപയോഗിക്കുന്ന പാത്രങ്ങളും മസാലകളും മുൻഗണനാക്രമമനുസരിച്ച് ഹോബിനടുത്തുള്ള കബോർഡുകളിലായി ക്രമീകരിച്ചിരിക്കുന്നു.**





**പാ**ത്രങ്ങളും പാചകത്തിനാവശ്യമായ ചേരുവകളും പാചകം ചെയ്യുന്ന രീതിക്കും ക്രമത്തിനുമനുസരിച്ചാണ് അടുക്കളയിൽ ക്രമീകരിച്ചിരിക്കുന്നത്. സ്ഥിരമായ ഉപയോഗം കൊണ്ട് ഓട്ടോമാറ്റിക് ആയി ഓരോ ഡ്രോകളും തുറക്കാനും സാധനങ്ങൾ എടുക്കാനും കഴിയുന്നതിനാൽ അടുക്കള ജോലികൾ ക്രമേണ എളുപ്പമായിത്തീരും. അടുക്കളയോടു ചേർന്ന വർക്ഏരിയയിൽ ഒരു ടോൾ യൂണിറ്റ് വച്ച് ക്ലീനിങ്ങിന് ആവശ്യമായ സാധനങ്ങൾ സൂക്ഷിച്ചിരിക്കുന്നു.

**ആ**വശ്യാനുസരണം മടക്കാനും നിവർത്താനും കഴിയുന്ന തരത്തിലാണ് ബ്രേക്ക്ഫാസ്റ്റ് ടേബിൾ. അടുക്കള ഭിത്തിയിൽ സ്ഥാപിച്ച കണ്ണാടിക്കഷണത്തിൽ അതാതു ദിവസത്തെ റെസിപ്പിയോ പുറത്തുനിന്ന് വാങ്ങിക്കൊണ്ടു വരേണ്ട സാധനങ്ങളോ മാർക്കർ ഉപയോഗിച്ച് എഴുതാം.

**കിടപ്പുമുറികളിലെ ലാംപ്ഷേഡുകളും ഹെഡ്ബോർഡുമെല്ലാം മുറിയുടെ നിറത്തിനും ഡിസൈനിനും അനുയോജ്യമായി നിർമിച്ചതാണ്.**





ഓരോ കിടപ്പുമുറിയും ഉപയോഗിക്കുന്നവരുടെ ഇഷ്ടങ്ങൾക്കനുസരിച്ചാണ് ക്രമീകരിച്ചിരിക്കുന്നത്. കട്ടിലിൻെറ ഹെഡ്ബോർഡിൽ രണ്ട് ഗ്ലാസുകൾക്കു നടുവിൽ തുണിവച്ച് സാൻഡ്വിച്ച് ചെയ്യുന്ന രീതി അവലംബിച്ചിരിക്കുന്നു. കിടപ്പുമുറികളിലെ ലാംപ്ഷേഡുകൾ ഡിസൈനർ സ്വന്തമായി നിർമിച്ചതാണ്.





മകൻെറ കിടപ്പുമുറിയിൽ വൃത്താകൃതിയിലുള്ള പാറ്റേണുകൾക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. കട്ടിലിൻെറ ഹെഡ്ബോർഡിനോടു ചേർന്ന് വൃത്താകൃതിയിലുള്ള ബുക്ക്ഷെൽഫ് ഡിസൈൻ ചെയ്തിരിക്കുന്നു. സ്റ്റഡിടേബിൾ ക്രമീകരിച്ച ഭിത്തിയിൽ വെൽവെറ്റ് തുണിയിൽ പൊതിഞ്ഞ മെറ്റൽ പാളി പതിച്ചു. മാഗ്നറ്റിക് ബട്ടൺ ഉപയോഗിച്ച് ടൈംടേബിളും മറ്റ് പോസ്റ്ററുകളും ഇവിടെ പതിപ്പിക്കാം. ■



**ഡിസൈൻ:**

**രഞ്ജിത് പുത്തൻപുരയിൽ**

**രഞ്ജിത് ആൻഡ് അസോസിയേറ്റ്സ്, എറണാകുളം.**

renjithputhenpurayil@gmail.com